**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5567 25/10/2011 ൽ മറുപടിയ്ക്ക്

## പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വായ്പകൾ

ചോദ്യം

ശ്രീ. ജി. സുധാകരൻ

മറുപടി

ശ്രീ. എ.പി. അനിൽകുമാർ
(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി - പിന്നോക്ക സമുദായ അംഗങ്ങൾ സഹകരണസ്ഥാപനങ്ങളിൽ നിന്നും പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൽ 25,000 രൂപ വരെയുള്ളവ എഴുതിത്തള്ളുന്നതിനും, അതിനു മുകളിലുള്ള വായ്പകൾ പലിശ ഒഴിവാക്കി ഗഡുക്കളായി അടയ്ക്കുന്നതിനും അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവ ജന വിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമെടുത്തിട്ടുള്ളതും 31.3.2006 -ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ 25000/- രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയുമുൾപ്പടെ എഴുതിത്തള്ളുന്നതിനും അതിനുമുകളിലുള്ള തുകയ്ക്ക് പലിശയും പിഴപ്പലിശയുമൊഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുമായി ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ പിന്നോക്ക സമുദായ അംഗങ്ങൾ എടുത്തിട്ടുള്ള വായ്പകളെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ മറ്റ് പിന്നോക്ക/ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നുമെടുത്തിട്ടുള്ള വായ്പകളിൽ കുടിശ്ശിക നിൽക്കുന്ന പക്ഷം അവ തീർപ്പാക്കുന്നതിന്റെ ഭാഗമായി വാർഷാവർഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, അദാലത്തുകൾ എന്നിവ സംഘടിപ്പിച്ച് പലിശ/പിഴപ്പലിശ ഇളവുകൾ വായ്പക്കാർക്ക് നൽകുന്നുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് എന്ത് ആശ്വാസ പദ്ധതിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (ബി) | 2001 - ഏപ്രിൽ 1- ന് മുമ്പ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എടുത്തിട്ടുള്ള വായ്പകളിൽ പലിശ/പിഴപ്പലിശ ഇനങ്ങളിൽ ഇളവ് നൽകുന്നതിനുള്ള കടാശ്വാസ പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ